MGNREGS Social Audit Report

ശാസ്താംകോട്ട പഞ്ചായത്ത്

കരിംതോട്ടുവവാർഡ്(6)

ശാസ്താംകോട്ട ബ്ലോക്ക്, കൊല്ലം ജില്ല

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള(MGNSASK)

2-ാംനില, സി.ഡബ്ല്യു.സി ബിൽഡിംഗ്സ്,

എൽ.എം.എസ് കോമ്പൗണ്ട്,പാളയം, വികാസ് ഭവൻ(പി.ഒ)

തിരുവനന്തപുരം-695033

ഫോൺ നമ്പർ : 04712724696. ഇ-മെയിൽ: keralasocialaudit@gmail.com

ആമുഖം

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെതൊഴിൽ ചെയ്യുവാനുള്ള അവകാശത്തെസംരക്ഷിച്ചുനിലനിർത്തുന്നതിനായി ഇന്ത്യൻ പാർലമെൻറ് 2005 പാസാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന് അടിസ്ഥാനത്തിൽ രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം അതുവഴിനിഷ്കർഷിക്കുക പെട്ട ഗുണമേന്മയുള്ളതും സ്ഥിരമായിട്ട് ഉള്ളതുമായ ഉൽപാദനക്ഷമമായ ആസ്തികളുടെ സൃഷ്ടിയും ആണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.2005

സെപ്റ്റംബർ അഞ്ചിനാണ് പാർലമെൻറ് തൊഴിലുറപ്പ് നിയമം പാസാക്കിയത് 2006 ഫെബ്രുവരിയിൽ ഇന്ത്യയിലെ 100 ജില്ലകളിൽ പദ്ധതി ആരംഭിച്ചു കേരളത്തിൽ പാലക്കാട്, വയനാട് ജില്ലകളിലും പദ്ധതി വ്യാപിച്ചു കാലാകാലങ്ങളായി കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി ആയിരിക്കും പദ്ധതിയുടെ നടത്തിപ്പ്.

പദ്ധതിയുടെ സവിശേഷതകൾ

- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- കരാറുകാരെ ഇടനിലക്കാരോ ഇല്ല .
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന വികസനം എന്നിവയാണ് മുൻഗണന
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും അതിനുള്ള ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു
- പൊതുജനപങ്കാളിത്തത്തോടെ കൂടിയുള്ള ലേബർ ബഡ്ജറ്റ്
- സ്ത്രീകൾക്ക് മുൻഗണന
- ഗ്രമസഭ തന്നെ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

സോഷ്യൽഓഡിറ്റ്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് MGNREG Audit of Scheme Rules 2011 നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതുധനം ചെലവഴിക്കുന്നതിനെപ്പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്. തൊഴിലുറപ്പ് നിയമ പ്രകാരം വർഷത്തിൽ രണ്ട് തവണ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡിലും നടത്തേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ അഥവാ സാമൂഹിക കണക്കെടുപ്പ് എന്നതിലൂടെ ഉദ്ദേശിക്കുന്നത് പ്രവൃത്തി സ്ഥലങ്ങൾ അഥവാ വർക്ക് സൈറ്റുകൾ നേരിട്ട് സന്ദർശിച്ചും തൊഴിലുറപ്പു തൊഴിലാളികളോടും നിർവ്വഹണ ഉദ്യോഗസ്ഥരോടും അഭിമുഖം നടത്തിയതിലൂടെയും ലഭ്യമായ രേഖകളുടെ വിശദ പരിശോധനയിലുടെയും ലഭിക്കുന്ന വിവരങ്ങളെ ക്രോഡീകരിച്ച് ഗ്രാമസഭകളിലൂടെ പൊതു സമൂഹത്തെ അറിയിക്കുക എന്നതാണ്. ഇപ്രകാരം ലഭിക്കുന്ന വിവരങ്ങളുടെയും ഗ്രാമസഭകളിൽ ഉയരുന്ന തൊഴിലുറപ്പ് തൊഴിലാളികളുടെ അഭിപ്രായങ്ങളുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിലെ സുതാര്യതയും ഉത്തരവാദിത്വവും ഊട്ടി ഉറപ്പിക്കുകയെന്നതാണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക കണക്കെടുപ്പ് ലക്ഷ്യമിടുന്നത്. വസ്തുതപരമായ കണ്ടെത്തലു

കളിലൂടെ തൊഴിലുറപ്പു പദ്ധതിയുടെ ഗുണഭോക്താക്കളായ ഗ്രാമീണ ജനതയുടെ ഉന്നമനത്തിനും പദ്ധതിയുടെ മെച്ചപ്പെട്ട പ്രവർത്തനത്തിനും സോഷ്യൽ ഓഡിറ്റി ലൂടെ സാധിക്കുന്നു.

സോഷ്യൽഓഡിറ്റ്പ്രക്രിയ

1 പശ്ചാത്തലംഒരുക്കൽ

ബ്ലോക്ക്തലത്തിലുംഗ്രാമപഞ്ചായത്ത്തലത്തിലുംപദ്ധതിനിർവഹണഉദ്യോഗസ്ഥനായ ബ്ലോക്ക്ഓഫീസർ(BDO),പഞ്ചായത്ത്സെക്രട്ടറി, മറ്റ്നിർവഹണഉദ്യോഗസ്ഥർതുടങ്ങിയവരുമായി ബ്ലോക്ക്റിസോഴ്സ്പേഴ്സൺനടത്തിയ കൂടിയാലോചനയിൽ ഉരുത്തിരിഞ്ഞതിനനുസരിച്ച് തുടർപ്രക്രിയകൾ ആസൂത്രണം ചെയ്യുകയും സോഷ്യൽ ഓഡിറ്റ്ഗ്രാമസഭാതീയതി നിശ്ചയിക്കുകയുംചെയ്യുന്നു.

2. ഫയൽപരിശോധന

സോഷ്യൽഓഡിറ്റ്പ്രക്രിയ ആരംഭിച്ചിരിക്കുന്ന തിയതിയ്ക്ക് മുൻപുള്ള ആറ്മാസക്കാലയളവിൽ വാർഡിലെ പ്രവൃത്തിഫയലുകൾ, ഏഴ്രജിസ്റ്ററുകൾ, അതോടൊപ്പം അനുബന്ധരേഖകളും സൂക്ഷ്മപരിശോധനനടത്തുന്നു.

3. പ്രവൃത്തിസ്ഥലപരിശോധന

ഓരോപ്രവൃത്തിയുംഎസ്റ്റിമേറ്റിൽപ്രതിപാദിക്കുന്നഅളവിലുംഗുണത്തിലുംനടപ്പിലാക്കിയിട്ടുണ്ടോ എന്നും ആപ്രവൃത്തിയുടെ ഗുണഫലത്തിന്റെ വ്യാപ്തിതിട്ടപ്പെടുത്തുകയും പ്രസ്തുതതൊഴിലിടങ്ങളിൽതൊഴിലാളികൾക്ക്ലഭിക്കേണ്ടഅവകാശആനുകൂല്യങ്ങൾലഭിച്ചിട്ടുണ്ടോഎന്നും പ്രവൃത്തിസ്ഥലപരിശോധനയിലൂടെലക്ഷ്യംവെക്കുന്നു.

4. വീടുവീടാന്തരംഉള്ളവിവരശേഖരണം

പദ്ധതിഗുണഭോക്താക്കളുടെവീടുവീടാന്തരംചെന്ന്നേരിൽകണ്ട്പദ്ധതിയുടെനിർവഹണത്തെക്കുറിച്ചുംഗുണഫലത്തെക്കുറിച്ചുമുള്ള അഭിപ്രായങ്ങളുംനിർദ്ദേശങ്ങളും സ്വരൂപിക്കുന്നു.

5. തെളിവ്ശേഖരണം

ഫയൽപരിശോധന, പ്രവൃത്തിസ്ഥലപരിശോധന, വീടുവീടാന്തരം ഉള്ള

വിവരശേഖരണം

തുടങ്ങിയഓഡിറ്റ്പ്രക്രിയകണ്ടെത്തലുകളുടെവസ്തുനിഷ്ഠമായതെളിവ്ശേഖരണംനടത്തുന്നു.

6. സാമൂഹ്യ ബോധവൽക്കരണം

സാമൂഹ്യഇടപെടലുകളിലൂടെ പദ്ധതി വിജയം ഉറപ്പുവരുത്തി പൗരാവബോധം ഉയർത്തുകയും സോഷ്യൽഓഡിറ്റ്പ്രക്രിയ വിജയിപ്പിക്കുകയും ചെയ്യുന്നതിന് ആവശ്യമായ ബോധവൽക്കരണം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

7. റിപ്പോർട്ട്തയ്യാറാക്കൽ

സോഷ്യൽഓഡിറ്റ്പ്രക്രിയയിലെ കണ്ടെത്തലുകളും നിഗമനങ്ങളും, നിർദ്ദേശങ്ങളും സോഷ്യൽഓഡിറ്റ്ഗ്രാമസഭയിൽ ചർച്ചചെയ്ത് അംഗീകാരം നടത്തുന്നതിനാവശ്യമായ കരട്റിപ്പോർട്ട്തയ്യാറാക്കുന്നു.

8. സോഷ്യൽഓഡിറ്റ്ഗ്രാമസഭ

പശ്ചാത്തലംഒരുക്കൽചർച്ചയിൽനിശ്ചയിക്കപ്പെട്ടദിനത്തിൽസൗകര്യപ്രദമായസ്ഥലത്ത്ഗ്രാമസഭചേർന്ന്കരട്റിപ്പോർട്ട്അവതരണവും, ചർച്ചയും, നിർദ്ദേശങ്ങളും, തിരുത്തൽപ്രക്രിയകളും,
അംഗീകാരംനേടിയെടുക്കുകയുംതുടർനടപടികളുംകൈകൊള്ളുന്നു.

9.അനുബന്ധ നടപടികള്

സോഷ്യല് ഓഡിററ് ഗ്രാമസഭയില് എടുത്ത തീരുമാനങ്ങളുടെയും നിര്ദശേങ്ങളുടെയും അടിസ്ഥാനത്തില് എടുത്ത അനുബന്ധ നടപടികള് അടുത്ത സ ോഷ്യല് ഓഡിററ് ഗ്രാമസഭയില് ചര്ച്ച ചയെ്യുന്നു.

ശാസ്താംകോട്ട പഞ്ചായത്ത്

കൊല്ലം ജില്ലയുടെ വടക്ക് പടിഞ്ഞാറ് ഭാഗത്തായി കരുനാഗപ്പള്ളി ടൗണിൽ നിന്ന് 13 കിലോമീറ്റർ കിഴക്ക് മാറി ശാസ്താംകോട്ട പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു വിശാലമായ താഴ്‌വരകളും കുന്നിൻപ്പുറങ്ങളും കുന്നിൻ ചരിവുകളും ഇടകലർന്ന കാണപ്പെടുന്ന ഭൂപ്രകൃതിയാണ് ശാസ്താംകോട്ടയുടേത്. 1962-ലാണ് ശാസ്താംകോട്ട പഞ്ചായത്ത് രൂപം കൊണ്ടത് അതിനുമുമ്പ് ഈ ഗ്രാമം പോരുവഴി പഞ്ചായത്ത് ഭാഗമായിരുന്നു ശാസ്താംകോട്ട ശാസ്താംകോട്ട പഞ്ചായത്തിലെ മാത്രമല്ല കേരളത്തിൽ തന്നെ പ്രത്യേകതയാണെന്ന് ഒരു ജലാശയമാണ് ശാസ്താംകോട്ട കായൽ. ഇന്ത്യയിലെ നാലാമത്തേതും കേരളത്തിലെ ഏത് ശുദ്ധജല തടാകമാണിത് ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ് തെങ്ങ് മരച്ചീനി വാഴ നെല്ല് എന്നിവയാണ് മുഖ്യ പഞ്ചായത്തിലെ കിഴക്കും പടിഞ്ഞാറും മേഖലകളിലായി 10a ആളുകളുണ്ട് ഇവയെല്ലാംഇരുപ്പൂ നിലങ്ങൾ ആണ് .ചരിത്രപ്രാധാന്യമുള്ള പാരമ്പര്യത്തിനും രാജിവയ്ക്കും പേരുകേട്ടതാണ് ശ്രീധർമശാസ്താവിനെ കോട്ടയായ ശാസ്താംകോട്ട കായംകുളം രാജാവിനെ അധീനതയിൽ പെട്ട പ്രദേശമായിരുന്നു ശാസ്താംകോട്ട തിരുവിതാംകൂർ രാജാവായിരുന്ന മാർത്താണ്ഡവർമ്മ മഹാരാജാവ് കായംകുളം രാജാവിനെ കേൾപ്പിച്ചു കായംകുളം തിരുവിതാംകൂറിന് ഭാഗം ആക്കിയപ്പോൾ ശാസ്താംകോട്ട തിരുവിതാംകൂറിലെ ഭാഗമായിമാറി കേരളത്തിലെ തനതു കലാ സമ്പത്ത് അനുഷ്ഠാന കലയായ കഥകളിക്കു കർണാടകസംഗീതത്തിലും പ്രസിദ്ധമായ പ്രദേശമാണ് ശാസ്താംകോട്ട പഞ്ചായത്തിലെ മുതുപിലാക്കാട്.

ജില്ല	:	കൊല്ലം
ബ്ളോക്ക്	:	ശാസ്താംകോട്ട
വിസ്തീര്ണ്ണം	:	24.42ച.കി.മീ.
വാര്ഡുകളുടെ എണ്ണം	:	19
ജനസംഖ്യ	:	29563
പുരുഷന്മാര്	:	14658

സ്ത്രീകള്	:	14905
ജനസാന്ദ്രത	:	1211
സ്ത്രീപുരുഷ	:	1017
മൊത്തം സാക്ഷരത	:	91.29
സാക്ഷരത(പുരുഷന്മാര്)	:	94.38
സാക്ഷരത (സ്ത്രീകള്)	:	88.28

കരിംതോട്ടുവവാർഡ്(6)



(Geo track image of Karimthottuva)

ശാസ്താംകോട്ട പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന ഗ്രാമം.കല്ലട ആർ കരിംതോട്ടുവ യുടെ മൂന്നു ദിക്കുകളിലായി അതിരു പങ്കിടുന്നു.കല്ലട ആറിന്റെ പ്രധാന നീർത്തടത്തിൽ ഉൾപ്പെടുന്ന ഈ ഗ്രാമത്തിന്റെ പ്രധാന വരുമാനം കൃഷി ആണ് .കല്ലട ആറിനും ചേലൂർ കായലിനും മധ്യേ സ്ഥിതിചെയ്യുന്ന ഗ്രാമം ആയതിനാൽ ഗുണദോഷഫലങ്ങൾ സമ്മിശ്രമായി ബാധിക്കുന്ന പ്രദേശമാണ്.

2018 ലെ പ്രളയം സാരമായി കാർഷിക മേഖലയെ ബാധിച്ചു.പ്രളയ ബാധിത പ്രദേശം ആയതിനാൽ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്ന പ്രവർത്തികൾക്ക് സാധ്യത ഏറെ ഉള്ള പ്രദേശം ആണ്. ഇത്തരത്തിലുള്ള പ്രവർത്തികൾ ആസൂത്രണം ചെയ്യുന്നതിലൂടെ ഇവിടുത്തെ കാർഷിക മേഖലയെ പുഷ്ടിപ്പെടുത്തുവാനും പ്രദേശവാസികളുടെ ജീവിതമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനും ഉപകരിക്കും .

വാർഡിന്റെപേര്	കരിംതോട്ടുവ
വാർഡിന്റെവിസ്തീർണം	1.75 ച.കി.മി
ചുറ്റളവ്	6 .12
ആകെകുടുംബങ്ങൾ	489
വാർഡിലെആകെ ജനസംഖ്യ	1088(സ്ത്രീകൾ 564), (പുരുഷന്മാർ 524)
SC / ST കുടുംബങ്ങൾ	20
SC ജനസംഖ്യ	സ്ത്രീകൾ 40 പുരുഷന്മാർ 39
വാർഡിന്റെ അതിരുകൾ	തെക്ക് -കല്ലട ആറ് (1 .6 km) കിഴക്ക് - കല്ലട ആറ് (1 .75km) വടക്ക് കുന്നത്തൂർപഞ്ചായത്ത് പടിഞ്ഞാറ് ചെലൂർ കായൽ ചീക്കൽക്കടവ്- തലപ്പ്വിള ക്ഷേത്രം റോഡ് സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് സെന്റ് മേരീസ് മലങ്കരകത്തോലിക്ക ചർച്ച്

	വർക്ക് കോഡ്	പ്രവൃത്തിയുടെ പേര്	പ്രവൃത്തിയുടെ സ്ഥിതി	അടങ്കൽ തുക	അനുവദിച്ച തൊഴിൽ ദിനങ്ങൾ	
					അവിദഗ്ധ	വിദഗ്ധ/അർധ വിദഗ്ധ
1	LD/247047	തരിശുഭൂമി കൃഷി യോഗ്യമാക്കുക	നിലവാരം ഉള്ളത്	76226		
2	WC/295805	മഴക്കുഴിനിർമ്മാണം	നിലവാരം ഉള്ളത്	76226		
3	WC/295808	മഴക്കുഴിനിർമ്മാണം	നിലവാരം ഉള്ളത്	76226		

അവകാശഅധിഷ്ഠിതനിഷേധങ്ങൾ

പദ്ധതിരൂപീകരണം

തൊഴിൽ നൽകുന്നതിന്മുൻഗണനയും പ്രാധാന്യവും നൽകുന്നതിനാൽ ഉദ്യോഗസ്ഥരോ എഞ്ചിനീയർമാരെവെക്കുന്ന നിർദ്ദേശങ്ങൾഅല്ല മറിച്ച്തൊഴിലാളികളുടെ അഭിപ്രായങ്ങൾ ആണ്തൊഴിലുറപ്പ്പദ്ധതിയിൽ കണക്കിലെടുക്കേണ്ടത്.

തൊഴിലാളിപക്ഷത്ത്നിന്ന്കൊണ്ട്വിഭാവനം ചെയ്യപ്പെടേണ്ട ഈ പദ്ധതിയിൽ ആർക്കൊക്കെയാണ്തൊഴിൽ വേണ്ടത്, എത്ര ദിവസത്തേക്ക് ആണ്, എവിടെയാണ്തൊഴിലിന് ആവശ്യമായ പ്രവർത്തികൾ നടത്തേണ്ടത്തുടങ്ങിയ കാര്യങ്ങൾ തൊഴിലാളികൾ തന്നെ തീരുമാനിക്കുകയും അതനുസരിച്ച്പദ്ധതി രൂപീകരിക്കുകയുംവേണം.

നിയമം ഇതാണ് എന്ന ഇരിക്കെ പദ്ധതിരൂപീകരണത്തിൽ തൊഴിലാളികളുടെ പങ്കാളിത്തം ഉള്ളതായി ബോധ്യപ്പെട്ടിട്ടില്ല. തൊഴിലാളികളുടെ പങ്കാളിത്തവും സ്വാധീനവും ഉള്ളതായി മനസ്സിലാക്കാൻകഴിയുന്നില്ല.

എന്നാൽ തൊഴിലാളികൾ അനുവദനീയ പ്രവൃത്തികളിൽ ഉൾപ്പെടുന്നതും പ്രദേശത്തെ പ്രധാനപെട്ട നീർത്തടാധിഷ്ഠിത പ്രവത്തനങ്ങളിൽഉൾപ്പെടുത്താവുന്നതും ആയ പ്രവർത്തികൾ ഗ്രാമസഭയിൽ നിർദ്ദേശിച്ചിട്ടും അത് വേണ്ടത്ര ഗൗരവത്തോടെ കാണുന്നതിനോ അത്നടപ്പിലാക്കുന്നതിനോ ഉദ്യോഗസ്ഥസംവിധാനതലത്തിൽനിന്നും നടപടികൾ ഒന്നും എടുത്തിട്ടില്ല എന്നാണ് തൊഴിലാളികളുമായുള്ള ഫോക്കസ് ഗ്രൂപ്പ്ഡിസ്ക്യൂഷനിൽനിന്നും മനസിലാക്കാൻ കഴിഞ്ഞത്. അത്തരത്തിലുള്ള പ്രവർത്തികൾ ഏറ്റെടുക്കുന്നതിലൂടെ ഗ്രാമീണജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുകയും,കാർഷിക മേഖലയെ പുഷ്ടിപ്പെടുത്തുകയും ചെയ്യുവാൻ തക്ക കൽപ്പുള്ള പ്രവർത്തികൾ ആയിരുന്നു.

പ്രവർത്തികൾ കണ്ടെത്തിനൽകുന്നതിലും അവ ആസൂത്രണംചെയ്യുവാനും ഉള്ള തൊഴിലാളികളുടെഅവകാശം നിഷേധിക്കപ്പെടുകയും അത്തരം പ്രവർത്തികളുടെ വർജ്ജനം മൂലം

തൊഴിലാളികൾക്ക് ലഭിക്കേണ്ട തൊഴിൽദിനങ്ങൾ നഷ്ടമാകുകയും വ്യത്യസ്തവും ക്രിയാത്മകവും നീർത്തടപോഷിതവുമായപ്രവർത്തികൾക്കു പ്രാധാന്യം നൽകിയിരുന്നുവെങ്കിൽ ഒരേ തരത്തിൽ ഉള്ള പ്രവർത്തികൾ,ആവർത്തിച്ചുള്ള പ്രവർത്തികൾ ഇവയ്ക്കുപകരം കുറച്ചുകൂടി ഉപകാരപ്രദമായ പ്രവർത്തികൾ കണ്ടെത്തി ചെയ്യുവാൻ കഴിഞ്ഞേനേ (ഉദാ: ചേന്നേൻ കുളം വൃത്തിയാക്കി നീർത്തടം പുഷ്ടിപ്പെടുത്തുക,ചെറു തോടുകൾ,കൈതോടുകൾ,ആര്യൻപാടം തോട് ഇവയുടെ പുനരുദ്ധാരണം ഇവയൊക്കെ)

തൊഴിലിന്ഉള്ളഅപേക്ഷ

തൊഴിൽകാർഡ്ലഭിച്ചതൊഴിലാളികൾഎപ്പോൾവേണമെങ്കിലും തൊഴിലിന് അപേക്ഷിക്കാം. ഏറ്റവുംകുറഞ്ഞത് 14 ദിവസത്തേക്കുള്ള അപേക്ഷആയിരിക്കണം. വേണമെങ്കിൽ ഒരുവർഷത്തേക്കുള്ള അവകാശം 100 ദിവസത്തെ തൊഴിൽ കണക്കാക്കി മുൻകൂട്ടി അപേക്ഷിക്കാം. അപേക്ഷ ഒറ്റയ്ക്കോകൂട്ടായോ നൽകാം എന്നിരിക്കെ കൈപ്പറ്റരസീത് അപേക്ഷകന്നൽകിയതായി കാണാൻ സാധിച്ചിട്ടില്ല.

തൊഴിലാളികൾതൊഴിൽആവശ്യപ്പെട്ടുകൊണ്ടുള്ളഅപേക്ഷഗ്രൂപ്പായിവെള്ളപേപ്പറിൽഎഴുതിഒപ്പിട്ട്നൽകുകയാണ്ചെയ്തിട്ടുള്ളത്. തൊഴിലിന് അപേക്ഷിക്കുന്നുണ്ട് എങ്കിൽപോലും അപേക്ഷയിൽ എത്രദിവസം തൊഴിൽവേണം എന്നുള്ള രേഖപ്പെടുത്തിയിട്ടില്ല അതു പോലെ തന്നെ കൈപറ്റുരസീത് തൊഴിലാളികൾക്കല്കുന്നില്ല അതിനാൽ തൊഴിൽ ആവശ്യപ്പെട്ടു പതിനാലുദിവസത്തിനുള്ളിൽ തൊഴിലാളിക്കൊഴിൽ ലഭിച്ചിട്ടുണ്ടോ എന്ന്ഉറപ്പാക്കാൻ കഴിയുന്നില്ല. ആയതിനാൽ തൊഴിൽആവശ്യപ്പെടൊനുള്ളഅവകാശം, 15 ദിവസത്തിനുള്ളിൽ തൊഴിൽലഭിക്കുവാൻഉള്ളഅവകാശം, 15 ദിവസത്തിനുള്ളിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേദന ലഭിക്കുവാനുള്ള അവകാശം ഇവ ലംഘിക്കപ്പെട്ടിട്ടുണ്ടോഎന്ന്വിലയിരുത്തുവാൻസാധിക്കുന്നില്ല.

പദ്ധതിപ്രാരംഭമീറ്റിംഗ്

ഓരോപ്രവർത്തിയും ആരംഭിക്കുന്നതിനു മുമ്പ്സ്ഥലത്തെച്ച്ചേരുന്ന തൊഴിലാളികളുടെയും നിർവഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും സംയുക്തയോഗമാണ്പദ്ധതിപ്രാരംഭ മീറ്റിംഗ്. ഈ യോഗത്തിൽ വെച്ചാണ്പ്രവർത്തിയുടെ സ്വഭാവം, എസ്റ്റിമേറ്റിന്വിശദാംശങ്ങൾ, ജോലി എങ്ങനെ, ആരൊക്കെ, എത്രസമയംകൊണ്ട്പൂർത്തിയാക്കണം, അതിന് എന്തൊക്കെ തൊഴിലുപകരണങ്ങൾആവശ്യമായി വരും എന്ന് വിശദീകരിക്കേണ്ടതാണ്.

ഈ വിശദീകരണം തൊഴിലാളിക്ബോധ്യപ്പെടുകയും തൊഴിലാളികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞ്പ്രവർത്തി നിർവ്വഹണം നടന്നതായി ബോധ്യപ്പെട്ടിട്ടില്ല.

തൊഴിലിടസൗകര്യങ്ങൾ

പ്രവർത്തിസ്ഥലത്ത്തൊഴിലാളികൾക്ക്ഭക്ഷണം കഴിക്കുന്നതിനും വിശ്രമിക്കുന്നതിനും മറ്റുംവേണ്ട മിനിമം സൗകര്യങ്ങൾ ഏർപ്പെടുത്തി ഇരിക്കണം. തുറസ്സായപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക്പ്രാഥമികസൗകര്യങ്ങൾ നിർവഹിക്കാനുള്ള സംവിധാനംആവശ്യമെങ്കിൽ ഒരുക്കണം. പ്രവർത്തി സ്ഥലത്തെ സൗകര്യങ്ങൾ ഒരുക്കുന്നത്സത്യസന്ധമായും, ആവശ്യകതയുടെ അടിസ്ഥാനത്തിലും ആയിരിക്കണം. പ്രവർത്തി സൈറ്റിൽ ആവശ്യമായ

അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടായിരുന്നു എന്നാണ് തൊഴിലാളികളുമായുള്ള ഫോക്കസ്ഗ്രൂപ്പ് ഡിസ്കഷൻ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്

ചികിത്സാസഹായം

പ്രവർത്തി കിടയിൽ ഒരു തൊഴിലാളിക്ക്പരിക്കു പറ്റിയാൽ അടിയന്തര പ്രഥമ ശുശ്രൂഷ നൽകാൻ മതിയായ സാമഗ്രികൾ പ്രവർത്തി സ്ഥലത്ത്സൂക്ഷിച്ചിരിക്കണം. ഇതിൻറെ ഉപയോഗത്തിനു ന്മറേറിനെ പരിശീലനവും നൽകിയിരിക്കണം. പ്രവർത്തി സൈറ്റിൽ വെച്ച് അപകടമൊന്നും നടന്നിട്ടില്ല എന്നാണ് തൊഴിലാളികളുമായുള്ള ഫോക്കസ്ഗ്രൂപ്പ് ഡിസ്കഷൻ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്.

വേതനം

കൃത്യസമയത്ത് വേതനം തൊഴിലാളികൾ ലഭ്യമാക്കണമെന്ന്നിയമം നിഷ്കർഷിക്കുമ്പോൾ തൊഴിലാളികൾക്ക്കൃത്യ സമയത്ത്വേതനംലഭിക്കുന്നതായി മനസ്സിലാക്കാൻകഴിഞ്ഞില്ല. കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട്ലഭിക്കുന്നതിനുള്ള കാലതാമസം ആണ്കാരണമെന്ന്ഉദ്യോഗസ്ഥരിൽനിന്നും മനസ്സിലാക്കാൻകഴിഞ്ഞത്. പ്രവർത്തിതുടങ്ങി നിശ്ചിത ദിവസത്തിനകം ലഭിച്ചില്ലെങ്കിൽ 1936 പേയ്മെൻറ്ഓഫ്വേജസ് ആക്ട്പ്രകാരം തൊഴിലാളികൾക്ക്നഷ്ട പരിഹാരത്തിന്അപേക്ഷിക്കാം. നഷ്ടപരിഹാരം വിധിച്ചാൽ കൂലികൊടുക്കാൻ താമസിച്ചതിന്കാരണക്കാരായ ഉദ്യോഗസ്ഥർ ഉത്തരവാദികൾ ആകുന്നു.

ദുർബലജനവിഭാഗങ്ങളുടെഭൂമിയിൽമണ്ണ്ജലസംരക്ഷണംസംബന്ധിച്ച്

ഖണ്ഡിക 5 പ്രതിപാദിക്കുന്നപട്ടികജാതി, പട്ടികവർഗ്ഗവിഭാഗങ്ങൾ, നാടോടികൾ, വനാവകാശരേഖപ്രകാരംഭൂമിലഭിച്ചവർ, അഞ്ച് ഏക്കറിൽ കവിയാത്ത ഭൂമിയുള്ള കാർഷികകടാശ്വാസ നിയമപ്രകാരം കർഷകൻ എന്ന്നിർവചിച്ചിട്ടുള്ളവരുടെയും ഭൂമിയിൽ തൊഴിലുറപ്പ്പദ്ധതി പ്രകാരം മണ്ണ്ജല സംരക്ഷണ പ്രവർത്തികൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ പ്രവർത്തികൾ ഏറ്റെടുക്കുമ്പോൾ മുൻഗണനാക്രമം പാലിക്കപ്പെടേണ്ടതുമാണ് എന്നിരിക്കെ, നിയമം അനുശാസിക്കുന്നതിന്നേരെ വിപരീതമായി ചെറുകിടനാമമാത്രകർഷകരുടെ ഭൂമിയിലാണ്പ്രവർത്തികൾ മിക്കതും നടന്നുവരുന്നത്

പഞ്ചായത്തിൽ സൂക്ഷിക്കേണ്ട 7 രജിസ്റ്ററുകൾ

പഞ്ചായത്തിൽ സൂക്ഷിക്കേണ്ട വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം 7 രജിസ്റ്ററുകൾ നിർബന്ധമായും പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ് ആണ് ശാസ്താംകോട്ട പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് രജിസ്റ്ററുകളും സൂക്ഷിച്ചിട്ടുണ്ട് എന്നാൽ ഇവയൊന്നും പൂർണമല്ല അല്ല കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

<u>തൊഴിൽ കാർഡ് രജിസ്റ്റർ</u>

തൊഴിൽ കാർഡ് രജിസ്റ്റർ തൊഴിൽ കാർഡ് രജിസ്റ്റർ പൂർണമായിരുന്നു.

തൊഴിലുറപ്പ് ഗ്രാമസഭാ രജിസ്റ്റർ, പൊതു ഗ്രാമസഭ രജിസ്റ്റർ, സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ രജിസ്റ്ററിൽ ഇവയെല്ലാം ഒറ്റ രജിസ്റ്റർ ആണ് സൂക്ഷിച്ചിരിക്കുന്നത് 2018 2019 വരെയുള്ള ഗ്രാമസഭ

വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്

തൊഴിൽ ആവശ്യപ്പെടുന്നതും തൊഴിൽ അനുവദിച്ചതും കൂലി നൽകുന്നതുമായ രജിസ്റ്റർ

തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെടുന്നതും ഒരു അനുവദിച്ചതും കൂലി നൽകുന്നതുമായ രജിസ്റ്റർ സർ പഞ്ചായത്തിൽ കൃത്യമായ രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് ആണ്

പ്രവൃത്തി രജിസ്റ്റർ

തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളെ കുറിച്ചുള്ള വിശദവിവരങ്ങൾ പ്രവർത്തി രജിസ്റ്ററിൽ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ് ആണ് പഞ്ചായത്തിലെ പ്രവർത്തി രജിസ്റ്റർ പ്രവർത്തിയുടെലിസ്റ്റ്, ചിലവ് മറ്റു വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ ലിസ്റ്റ് അപൂർണ്ണമായിരുന്നു കുറച്ചുപേർ മാത്രമാണ് ഉണ്ടായിരുന്നത് .എം ഐ എസിൽ നിന്നും പ്രിൻറ് എടുത്തു സൂക്ഷിച്ചിരിക്കുന്നത് ആണ് രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെയും തന്നെ സാക്ഷ്യപ്പെടുത്തിയിരുന്നു ഇല്ല വർക്ക് രജിസ്റ്ററിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ആരുംതന്നെ സാക്ഷ്യപ്പെടുത്തിയിരുന്നില്ല പ്രവർത്തനം ആരംഭിച്ചതും അവസാനിച്ചത് മായ തീയതി രേഖപ്പെടുത്തിയിട്ടുണ്ട് വാർഡ് തലത്തിൽ ഉള്ളവർക്ക് രജിസ്റ്ററിലെ സൂക്ഷിച്ചിരിക്കുന്നത് ഗ്രാമ പഞ്ചായത്തിലെ മുഴുവൻ പ്രവർത്തിയും ഒരു വാക്ക് രജിസ്റ്റർ എന്ന നിലയ്ക്കാണ് വർക്ക് രജിസ്റ്റർചെയ്തിട്ടുള്ളത് രജിസ്റ്റർ എന്ന നിലയ്ക്ക് എം ഐ എസിൽ നിന്നും ഡൗൺലോഡ് ചെയ്ത് കോപ്പി ബൈൻഡ് ചെയ്ത് സൂക്ഷിച്ചിരിക്കണം

ആസ്തിരജിസ്റ്റർ

തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിച്ച അസ്ഥികളെ കുറിച്ചുള്ള വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്ചില വസ്തുക്കളുടെ രജിസ്റ്റർ സ്ഥിര ആസ്തികൾ ലിസ്റ്റ് പൂർണ്ണമായും 2018 2019 രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ഈ രജിസ്റ്ററും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സർട്ടിഫൈ ചെയ്തിട്ടില്ല

പരാതി രജിസ്റ്റർ

പദ്ധതിയുമായി ബന്ധപ്പെട്ട് പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സമയബന്ധിതമായി പരിഹരിക്കപ്പെടേണ്ടതാണ്.പരാതി രജിസ്റ്റർ പരാതി രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത് എം ഐ എസിൽ നിന്നും എടുത്ത ഒരു പ്രിൻറ് പേപ്പർ മാത്രമാണ് ഇതിൽ ഒരു പരാതി പോലും രേഖപ്പെടുത്തിയിട്ടില്ല പരാതി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട തൊഴിലുറപ്പ് നിയമം സെക്ഷൻ 25 പ്രകാരമുള്ള ശിക്ഷാനടപടികൾ ക്ഷണിച്ചുവരുത്തും പര്യാപ്തമാണ്

സാധനസാമഗ്രികൾ സംബന്ധിച്ച് രജിസ്റ്റർ

മെറ്റീരിയൽ രജിസ്റ്റർ മെറ്റീരിയൽ രജിസ്റ്റർ പഞ്ചായത്തിൽ അപൂർണ്ണമായിരുന്നു രണ്ടു പേജുകൾ മാത്രമുള്ള എംഎസ് നിന്നുമെടുത്ത പ്രിൻറ് മാത്രമായിരുന്നു മെറ്റൽ ഡിറ്റക്ടർ സൂക്ഷിച്ചിട്ടുള്ളത്

മെറ്റീരിയൽ രജിസ്റ്റർ ആയി സൂക്ഷിച്ചിട്ടുള്ളത്

ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ വിവരങ്ങൾ

കവർപേജ്

വാർഷികമാസ്റ്റർസർക്കുലർ പ്രകാരമുള്ള കവർപേ ജ്പരിശോധിച്ചമൂന്ന് ഫയലിലുംകാണാൻസാധിച്ചു. കവർപേജിൽപ്രവർത്തിയുടെപേര്, പ്രവർത്തിനടന്നവർഷം, അംഗീകൃതഷെൽഫ്ഓഫ്വർക്കിൽപ്രവർത്തിയുടെസീരിയൽനമ്പർ , പ്രവർത്തിയുടെകാറ്റഗറി, പ്രവർത്തിആരംഭിച്ചതീയതി, പ്രവർത്തിപൂർത്തീകരിച്ചതീയതി, എസ്റ്റിമേറ്റ്തുക, പ്രൊജക്റ്റ് ഇമ്പ്ലിമെൻറ്ചെയ്ത ഏജൻസി എന്നിവകൃത്യമായിരേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവർത്തിയുടെകോഡ്, പ്രവർത്തിനടന്നസ്ഥലം, പ്രവർത്തിയുടെ ആകെചിലവായതുക, ജിയോടാഗ്അസറ്റ്ഐഡി, GPS ലൊക്കേഷൻ, മേറ്റിന്റെ, സാങ്കേതിക വിദഗ്ദന്റെ പേര്സോഷ്യൽഓഡിറ്റ് എന്നിവയെക്കുറിച്ച് ഉള്ള വിവരങ്ങൾരേഖപ്പെടുത്തിയിട്ടില്ല. വാർഷികമാസ്റ്റർസർക്കുലർ പ്രകാരമുള്ള കവർപേജ്ഫയലിൽ സൂക്ഷിക്കേണ്ടതും അത്പൂർണ്ണമായുംപൂരിപ്പിക്കേണ്ടതുമാണ്.

ചെക്ക്ലിസ്റ്റ്ഓഫ്ഡോക്യുമെന്റ്

പരിശോധിച്ചമൂന്ന് പ്രവർത്തിഫയലിലും ചെക്ക്ലിസ്റ്റ്കാണാൻസാധിച്ചില്ല.

വാർഷികകർമ്മപദ്ധതിയുടെപകർപ്പ്

പുരയിടം നിരപ്പാക്കി കൃഷിയ്ക്ക് ഉപയുക്തമാക്കുക "1613010004/ LD / 247047"എന്നപ്രവൃത്തിയുടെഫയലിൽ വാർഷിക കർമ്മപദ്ധതിയുടെ പകർപ്പ് കാണുവാൻ സാധിച്ചു.മണ്ണ്ജലസംരക്ഷണപ്രവർത്തികളിൽഉൾപ്പെടുന്നപ്രവർത്തികളുടെ(മഴക്കുഴിനിർമ്മാണം,പ്രവർത്തിയുടെകോഡ് "1613010004/WC / 295808" ,മഴ ക്കുഴി നിർമ്മാണം, പ്രവർത്തിയുടെ കോഡ്:"1613010004/ WC / 295805"വാർഷികകർമ്മപദ്ധതിയുടെപകർപ്പ്കാണുവാൻസാധിച്ചില്ല.

വിശദമായ സാങ്കേതിക എസ്റ്റിമേറ്റിന്റെ പകർപ്പ്

വിശദമായ സാങ്കേതിക എസ്റ്റിമേറ്റിന്റെ പകർപ്പ്മൂന്ന് പ്രവർത്തി ഫയലിലും കാണുവാൻസാധിച്ചു. സെക്യൂറിൽ നിന്നും ലഭിച്ചകോപ്പി ആയിരുന്നു ഫയലിൽസൂക്ഷിച്ചിരുന്നത്. ഇതിൽസീൽ, ഒപ്പ്, തീയതിഎന്നിവരേഖപ്പെടുത്തിയിരുന്നില്ല, പ്രൊജക്റ്റ്റിപ്പോർട്ട് അഥവാ എസ്റ്റിമേറ്റ്റിപ്പോർട്ട് ഉണ്ടായിരുന്നില്ല. വിശദമായ എസ്റ്റിമേറ്റ് അനാലിസിസ് ഓഫ്റേറ്റ്, ലീഡ്ഡ്രോയിങ്&ലിഫ്റ്റ്സ്റ്റേറ്റ്മെന്റ് ഇവഉൾപ്പെടുത്തിയിരുന്നു, എന്നാൽ എസ്റ്റിമേറ്റിൽ ഡിസൈൻ സർവ്വേഡേറ്റ എന്നിവ ചേർത്തിട്ടില്ല. ജനകീയ എസ്റ്റിമേറ്റ് പരിശോധിച്ച മൂന്ന് ഫയലിലും കണ്ടെത്തിയില്ല.

സാങ്കേതികഅനുമതിയുടെപകർപ്പ്

സാങ്കേതികഅനുമതിയുടെപകർപ്പ് പരിശോധിച്ച രണ്ട്പ്രവർത്തി ഫയലിലും(മഴക്കുഴിനിർമ്മാണം, പ്രവർത്തിയുടെകോഡ്"1613010004/ WC / 295808"", മഴക്കുഴി നിർമ്മാണം, പ്രവർത്തിയുടെകോഡ്:"1613010004/ WC / 295805"ഉണ്ടായിരുന്നില്ല .എന്നാൽ പുരയിടം നിരപ്പാക്കി കൃഷിയ്ക്ക് ഉപയുക്തമാക്കുക "1613010004/ LD / 247047" എന്ന പ്രവർത്തിയിൽ സാങ്കേതിക അനുമതിയുടെ പകർപ്പ്ഉണ്ടായിരുന്നു. സാങ്കേതിക കമ്മിറ്റിയിലെ അംഗങ്ങളുടെ പേര്, ഒപ്പ്, സീൽ, തീയതി,എന്നിവ രേഖപ്പെടുത്തിയിരുന്നു.

ഭരണാനുമതി

പുരയിടം നിരപ്പാക്കി കൃഷിയ്ക്ക് ഉപയുക്തമാക്കുക "1613010004/ LD / 247047"എന്ന പ്രവർത്തിയിൽ ഭരണാനുമതിയുടെ പകർപ്പ് ഉണ്ടായിരുന്നു. രണ്ട്പ്രവർത്തി ഫയലിൽ (മഴക്കുഴി നിർമ്മാണം, പ്രവർത്തിയുടെകോഡ്"1613010004/ WC / 295808" ,മഴക്കുഴി നിർമ്മാണം, പ്രവർത്തിയുടെകോഡ്:"1613010004/ WC / 295805"ഭരണാനുമതിയുടെപകർപ്പ് ഉണ്ടായിരുന്നില്ല

സംയോജിതപദ്ധതി

പരിശോധിച്ച മൂന്നു പ്രവൃത്തികളും സംയോജിത പദ്ധതിയിൽ ഉൾപ്പെട്ടതല്ല.

തൊഴിൽആവശ്യപ്പെട്ടുകൊണ്ടുള്ളഅപേക്ഷ

തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷഗ്രൂപ്പായി വെള്ളപേപ്പറിൽ എഴുതിഒപ്പിട്ട്നൽകുകയാ ണ്ചെയ്തിട്ടുള്ളത്. തൊഴിലിന് അപേക്ഷിക്കുന്നുണ്ട് എങ്കിൽപോലും അപേക്ഷയിൽ എത്ര ദിവസം തൊഴിൽവേണം എന്നുള്ള രേഖ ഉൾപ്പെടുത്തിയിട്ടില്ല അതുപോലെതന്നെ കൈപ്പറ്റു രസീത് തൊഴിലാളികൾക്ക്നൽകുന്നില്ല അതിനാൽ തൊഴിൽ ആവശ്യപ്പെട്ടു പതിനാലു ദിവസത്തിനുള്ളിൽ തൊഴിലാളിക്ക്തൊഴിൽ ലഭിച്ചിട്ടുണ്ടോ എന്ന്ഉറപ്പാക്കാൻകഴിയുന്നില്ല. നൽകിയിരിക്കുന്ന അപേക്ഷയിൽ 3 / 05 / 2018ൽ തൊഴിലാളികളുടെ ഒരുയോഗം ചേർന്നു തൊഴിലിനു വേണ്ടി ഗ്രൂപ്പായി അപേക്ഷ സമർപ്പിക്കുക ആണ്ഉണ്ടായത് . പ്രവർത്തി ആരംഭിച്ചതീയതി 13/ 06 / 2018 ആണ് ഇതിൽ നിന്നു മനസിലാക്കാൻ സാധിച്ചത്തൊഴിലിന് അപേക്ഷനൽകി 40 ദിവസംകഴിഞ്ഞാണ്തൊഴിൽലഭിച്ചിരിക്കുന്നത്. തൊഴിൽ ആവശ്യപ്പെട്ടു അപേക്ഷനൽകി പതിനാലുദിവസത്തിനുള്ളി ൽതൊഴിൽനൽകണം എന്നുള്ളഅവകാശംലംഘിക്കപ്പെട്ടിട്ടുണ്ട്.(മഴക്കുഴിനിർമ്മാണം, പ്രവർത്തിയുടെകോഡ് 1613010004/ WC / 295808)തൊഴിലാളികളുടെ ഒരു യോഗം വിളിച്ചുകൂട്ടി ഗ്രൂപ്പായ അപേക്ഷ നൽകിയിട്ടുണ്ട് .ടി അപേക്ഷയിൽ അപേക്ഷനൽകിയിരിക്കുന്ന തീയതി വെട്ടിത്തിരുത്തുകയും കൂട്ടിച്ചേർക്കലുകൾ കാണുകയും ചെയ്യുന്നുണ്ട് .സോഷ്യൽ ഓഡിറ്റ് ടീമിന്റെ പ്രവർത്തി ഫയൽ പരിശോധനയുടെ പ്രാഥമിക നിഗമനം പ്രവർത്തി അപേക്ഷിച്ച തീയതിയിൽ പുനഃക്രമീകരണം / വെട്ടിത്തിരുത്തലുകൾ നടന്നിട്ടുണ്ട് എന്നതാണ് .

തൊഴിൽ നൽകിയസംബന്ധിച്ചവിവരങ്ങൾ

തൊഴിലിന്ഉള്ളഅപേക്ഷനല്കിയതിൻപ്രകാരംതൊഴിൽഅനുവദിച്ചതുസംബന്ധിച്ചവിവരങ്ങൾപ്ര വർത്തിഫയലിൽ കണ്ടില്ല

ഇമസ്ററർറോൾ

പ്രവർത്തിയുമായിബന്ധപ്പെട്ടമസ്ററർ റോളുകൾമൂന്ന് പ്രവർത്തിഫയലിലും കാണുവാൻസാധിച്ചു. മസ്ററർറോളിൽ BDO യുടെ ഒപ്പ്, സീൽ ഇവ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ തീയതി രേഖപെടുത്തിട്ടിയില്ല. സെക്രട്ടറിയുടെഒപ്പ്മാത്രമാണ്ചേർത്തിട്ടുള്ളത്, സീലും തീയതിയുംരേഖപെടുത്തിരിട്ടിയില്ല. മസ്ററർറോളിൽ വെട്ടിത്തിരുത്തലുകൾ

ഇല്ലാത്തത് അഭിനന്ദനാർഹമാണ്. മസ്ററർറോളിൽതൊഴിൽചെയ്തതീയതി, ആകെഹാജർ, ദിവസവേതനം, മസ്ററർ റോൾപ്രകാരമുള്ളവേതനം, തൊഴിലുപരണങ്ങളുടെവാടക, തൊഴിലാളികളുടെഒപ്പ്, മേറ്റിന്റെഒപ്പ്,മസ്ററർറോൾപരിശോധിച്ചആളിന്റെ / ഉദ്യോഗസ്ഥന്റെ ഒപ്പ് എന്നിവകൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽമസ്ററർറോളിൽഎംബുക്ക്നമ്പർ, പേജ്നമ്പർ ഇവരേഖപ്പെടുത്തിയിട്ടില്ല

<u>മെഷർമെന്റ് ബുക്ക്</u>

മെഷർമെന്റ് ബുക്ക്പരിശോധിച്ച മൂന്ന് പ്രവർത്തിഫയലിലും പ്രവർത്തിയുമായി ബന്ധപ്പെട്ട എംബുക്ക്കാണുവാൻ സാധിച്ചു. എംബുക്കിൽ എംബുക്ക്നമ്പർ, പേജ്നമ്പർ, എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. എംബുക്ക്സെർട്ടിഫൈഡ്ആണ്, എംബുക്കിൽ ഓവർസിയറിന്റെ പേര്, ഒപ്പ് ,തീയതി എന്നിവരേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽസീൽ പതിപ്പിച്ചിട്ടില്ല. എംബുക്കിൽ അക്രെഡിറ്റഡ് എഞ്ചിനീയറുടെപേര്, ഒപ്പ് ,തീയതിഎന്നിവരേഖപ്പെടുത്തിയിട്ടുണ്ട്എന്നാൽ സീൽപതിപ്പിച്ചിട്ടില്ല . പ്രവർത്തി അനുവദിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങളും അളവുകളും കൃത്യമായിരേഖപ്പെടുത്തിയിട്ടുണ്ട്. എംബുക്കിൽ അടങ്കൽതുകയും യഥാർത്ഥ ചിലവും തമ്മിലുള്ള വ്യത്യാസംരേഖപ്പെടുത്തിയിട്ടില്ല

<u>സാധനസാമാഗ്രികളെക്കുറിച്ചുള്ളവിവരങ്ങൾ</u>

മൂന്ന് പ്രവർത്തികളിലും സാധനസാമാഗ്രികൾ ഒന്നും ഉപയോഗിച്ചിട്ടില്ല.
വേജ്ലിസ്റ്റ്പരിശോധിച്ച മൂന്ന് പ്രവർത്തിഫയലിലും MIS ൽ നിന്നും എടുത്ത വേജ്ലിസ്റ്റിന്റെപകർപ്പ്ഉണ്ടായിരുന്നു

<u>ഫണ്ട്ട്രാൻസ്ഫർഓർഡർ</u>

MIS ൽ നിന്നും എടുത്ത ഫണ്ട്ട്രാൻസ്ഫർ ഓർഡറിന്റെ പകർപ്പ്മൂന്ന് പ്രവർത്തി ഫയലിലും ഉണ്ടായിരുന്നു

<u>റോയൽറ്റി</u>

വ്യക്തിഗത ഗുണഭോക്താക്കളുടെ കരമടച്ച രസീതിന്റെ പകർപ്പ്മൂന്ന് പ്രവർത്തി ഫയലിലും സൂക്ഷിച്ചിട്ടുണ്ട്

<u>മൂന്ന്ഘട്ട ഫോട്ടോഗ്രാഫ്</u>

പ്രവർത്തിയുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങളിൽഉള്ള ഫോട്ടോകൾ (പ്രാരംഭ, മധ്യ, അവസാന) പ്രവർത്തിഫയലിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പരിശോധിച്ച മൂന്ന് പ്രവർത്തിഫയലിലും ഫോട്ടോഗ്രാഫ്ഉകൾ സൂക്ഷിച്ചട്ടില്ല.

<u>പ്രവർത്തിപൂർത്തീകരണസാക്ഷ്യപത്രം</u>

പരിശോധിച്ചമൂന്ന്
പ്രവർത്തിഫയലിലുംപ്രവർത്തിപൂർത്തീകരണസാക്ഷ്യപത്രംകണ്ടെത്താനായില്ല

<u>മസ്ററർറോൾ മൂവ്മെന്റ്സ്ലിപ് / ഫയൽട്രാക്കിംഗ്</u>

പ്രവർത്തിയുമായി ബന്ധപ്പെട്ട ഫയൽ ട്രാക്കിംഗ്മൂന്ന് പ്രവർത്തി ഫയലിലും കാണുവാൻ സാധിച്ചു. ഇതിൽഒപ്പും തീയതിയും രേഖപ്പെടുത്തിയിട്ടുണ്ട്

ജിയോടാഗ്ഡ്ഫോട്ടോഗ്രാഫ്

പരിശോധിച്ചമൂന്ന് പ്രവർത്തിഫയലിലുംജിയോടാഗ്ഡ്ഫോട്ടോഗ്രാഫ്കാണുവാൻസാധിച്ചില്ല

സോഷ്യൽഓഡിറ്റ്റിപ്പോർട്ട്

പ്രവർത്തിയുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ്റിപ്പോർട്ട് മൂന്ന് പ്രവർത്തി ഫയലിലും സൂക്ഷിച്ചിട്ടില്ല

സൈറ്റ്ഡയറി

പ്രവർത്തിയുമായി ബന്ധപ്പെട്ട സൈറ്റ്ഡയറി മൂന്ന് പ്രവർത്തി ഫയലിലും സൂക്ഷിച്ചട്ടുണ്ട്. വർക്ക്കോഡ്, പ്രവർത്തി ആരംഭിച്ചതീയതി, പ്രവർത്തിപൂർത്തീകരിച്ച തീയതി, ആകെ പ്രവർത്തിദിനങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല

a, ചെക്ക്ലിസ്റ്റ് : ചെക്ക്ലിസ്റ്റ്ഡയറിയിലുണ്ട്, പൂർണ്ണമായുംരേഖപ്പെടുത്തിയിട്ടുണ്ട്

b, പ്രൊജക്റ്റ്ഇനിഷ്യറ്റിഗ്മീറ്റിംഗ്വിശദാംശങ്ങൾ സൈറ്റ്ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്

c, തൊഴിലാളികളുടെ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുണ്ട്

d, ചികിത്സ ചെലവ്സംബന്ധിച്ച വിവരങ്ങൾ ചേർത്തിട്ടില്ല

e, പണിയായുധങ്ങളുടെ വാടക സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്

f. വിജിലൻസ്&മോണിറ്ററിങ്: വിജിലൻസ്&മോണിറ്ററിങ്കമ്മിറ്റിയുടെ ഒപ്പും പ്രവർത്തയെക്കുറിച്ചുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്

g.സന്ദർശകകുറിപ്പ്: സന്ദർശക കുറിപ്പിൽ പേര് ,ഔദ്യോഗിക മേൽവിലാസം സന്ദർശനോദ്ദേശം എന്നിവരേഖപ്പെടുത്തിയിട്ടുണ്ട്.

ഫീൽഡ് സന്ദർശനത്തിൽ കണ്ടെത്തിയവ

	ACTUAL(ON M-BOOK)							MEASURED				
NO	**Name of beneficieries**	**Survey no.**	**No of pits**	**L**	**B**	**D**	**A**	**No of pits**	**L**	**B**	**D**	**REMARKS**
1	Kanakamma D, Valathilazhikathu Puthanveedu	346/2-(08/60)	6	1.5	1.5	0.75	10.125	3	2.6	2.9	.75	Can't measure, flood affected area 3 pits

												counted
2	Kanakamma D, Valathilazhikathu Puthanveedu	346/2-(08/60)	3	1.5	1.5	0.75	5.0625	3	2.5	2.6	.75	Waste dumped Can't measure
3	Prasannakumari, Prashobh bhavanam	370/3-(13/20)	15	1.5	1.5	0.75	25.3125	15	2.3	2.1	.40	Good work
4	Prasannakumari, Prashobh bhavanam	378/9-(09/80)	17	1.5	1.5	0.75	28.6875	17	2.5	2.6	.50	Good work
7	Santhakumari, Deepthinivas	327/11(06/52)	2	1.5	1.5	0.75	3.375	2	2.6	2.4	.40	Good work
8	Saramma, Puthenvila	351/13-3 (06/47)	8	1.5	1.5	0.75	13.5	8	2.4	2.5	.75	Good work
9	Bhargavi, Padinjare kambilakathu	363/3/5(14/97)	6	1.5	1.5	0.75	10.125	6	2.6	2.4	.75	Good work
10	Sudharma, Puthuva	379/5-2(06/10)	10	1.5	1.5	0.75	16.875	10	2.5	2.6	.60	Good work
11	Manju L, Mannasherilveedu	378/18(20/70)	5	1.5	1.5	0.75	8.4375	5	2.5	2.4	.60	Good work
12	Manju L, Mannasherilveedu	378/18(20/70)	3	1.5	1.5	0.75	5.0624	3	2.5	2.4	.70	Good work

13	Rahel, Mankoottathil	335/10-2(02/24)	1	1.5	1.5	0.75	1.68 75	1	2.6	2.5	.60	Good work
14	Beena, Thundilveedu	339/4/4(04/15)	10	1.5	1.5	0.75	16.8 75	10	2.5	2.5	.75	Good work
15	Valsala, Sasivilasam	372/12(13/80)	5	1.5	1.5	0.75	8.43 75	5	2.3	2.4	.60	Good work
16	Thulasiamma, Kambilakathu	371/8(04/05)	3	1.5	1.5	0.75	5.06 25	3	2.6	2.6	.75	Good work
17	Radhamani. J, Binduvilasam	332/3(07/40)	5	1.5	1.5	0.75	16.8 75	5	2.7	2.6	.60	Good work
18	Rathi L, Shanunivas	370/5(06/80)	4	1.5	1.5	0.75	6.75	4	2.5	2.4	.70	Good work
19	Subhadra, Kattuvila padinjatedil		4	1.5	1.5	0.75	36	4	2.6	2.5	.60	Good work
20	Subhadra, Kattuvila padinjatedil		2	1.5	1.5	0.75	18	2	2.6	2.5	.75	Good work

- പ്രവൃത്തികൾ എല്ലാം വളെരെ നല്ല രീതിയിൽ ചെയ്യിട്ടുണ്ട്. ഉപകാരപ്രദമായിരുന്നു. പ്രവർത്തി ഗുണവത്തായ ഫലം കണ്ടിട്ടുണ്ട്.
- എസ്റ്റിമേറ്റിൽ പറയുന്നതിനേക്കാൾ അളവ് കൂടുതൽ ആണ്.
- എസ്റ്റിമേറ്റിൽ പറയുന്ന കൃത്യം എണ്ണം തന്നെ ഫീൽഡ് തല പരിശോധയിൽ കണ്ടെത്തി. (Kanakamma D, Valathilazhikathu Puthanveedu) എന്ന വസ്തുവിൽ ചെയ്ത 6 മഴക്കുഴികളിൽ 3 എണ്ണം അളവ് എടുക്കാൻ പറ്റുന്ന അവസ്ഥയിൽ ആയിരുന്നില്ല ഉണ്ടായിരുന്നത്. മാലിന്യങ്ങൾ നിക്ഷേപിച്ചും തെങ്ങ് നട്ടതായും കാണപ്പെട്ടു)
- മണ്ണ് ജലസംരക്ഷണപ്രവർത്തികൾഅധികവുംഫലവത്തായി.മഴക്കുഴി ചെയ്ത വസ്തുക്കളിൽ

കിണറ്റിലെ വെള്ളം കൂടിയതായി കണ്ടു. വേനൽ കാലത്തു പോലും വെള്ളംപറ്റുന്നില്ല എന്നു ഗുണഭോക്താക്കളുമായുള്ളനേരിട്ടുള്ള കൂടിക്കാഴ്ചയിൽ നിന്നും മനസിലാക്കാൻ കഴിഞ്ഞു

<u>പ്രവൃത്തികളിൽ കണ്ട പ്രധാന പോരായ്മകൾ</u>

- പ്രവർത്തി അനുയോജ്യമായ സ്ഥലത്ത് അല്ല ചെയ്തിരിക്കുന്നത് (കല്ലട ആറിന്റെ തീരപ്രദേശത്തു ചെയ്തിരിക്കുന്ന പ്രവൃത്തികൾ പ്രളയത്തിൽ നശിച്ചു പോയി).
- ഭൂപ്രകൃതിയ്ക്ക് അനുയോജ്യമായ വ്യത്യസ്ത പ്രവർത്തികൾ കണ്ടെത്തുന്നതിൽ പരാജയപ്പെട്ടു. ഉദാ : ഭൂമിയുടെ ചരിവിനും, മണ്ണിന്റെ സ്വഭാത്തിനും അനുസരിച്ചുള്ള മഴക്കുഴികൾ അല്ല ചില പ്രവർത്തികളിൽ കണ്ടത്.
- ഒരേ പ്രവർത്തി തന്നെ ആവർത്തനം കൊണ്ട് ഗുണതേക്കാൾ ദോഷം ആയിപർത്തിക്കുന്നു. തുടർച്ചയായ വർഷങ്ങളിൽ ഒരേ പ്രവർത്തി തന്നെ ഒരേ വസ്തുവിൽ ചെയ്തതായി കാണുവാൻ കഴിഞ്ഞു. മുൻപ് ചെയ്ത പ്രവർത്തിയുടെ ആസ്തി നിലനിൽക്കുമ്പോഴും അതെ പ്രവർത്തി ആവർത്തിക്കുന്നപ്രവണത കണ്ടു വരുന്നു. സോഷ്യൽ ഓഡിറ്റ് ടീമിന്റെ ഫീൽഡ് തല പരിശോധനയുടെ നിഗമനം പ്രവർത്തി കണ്ടെത്തുന്നതിൽ ഉണ്ടായ പാളിച്ചയും ഭൂപ്രകൃതിയ്ക്കും കാലാവസ്ഥയ്ക്കുംഅനുയോജ്യമായ വ്യത്യസ്ത പ്രവർത്തികൾ കണ്ടെത്തുന്നതിലും ഉണ്ടായ വീഴ്ചകളാണ് ആണ്.

Sl No	Name	Survey No	Measurement book Area	Comment
1.00	Sudharma	357/19	40.00	Good work
2.00	Santha	364/7	18.00	Good work
3.00	Supraba	370/17	20.00	Good work
4.00	Omanaamma	33/11	1.00	Good work
5.00	Mariyama V	364/2	5.00	Good work
6.00	Ummayemal,kodanvi lla	321/6	22.00	work is not according to mentioned,additional work is seen
7.00	Subthra L	369/4-1	4.00	Good work
8.00	Ponnama,Ratesh Bhavan	347/13	35.00	Good work
9.00	Ushakumari	356/13	27.00	Good work
10.00	Lalitha narayanamangalam	360/15	25.00	Good work
11.00	Rathi,Shanivas	370/5	10.00	Good work
12.00	Lali,Aiswarya	332/16	17.00	Good work
13.00	Radhamani amma	331/27	10.00	Good work
14.00	Alika Gokulam	379/11	10.00	Good work
15.00	Sumangala amma	354/4	20.00	Good work
16.00	Gopalakrishnan Pilla	355/2	40.00	Good work

Focus Group discussion (FGD)ൽ നിന്നും കണ്ടെത്താൻ സാധിച്ചത്

24/04/2019 പോരുവേലിക്കര 6 ആം വാർഡിൽ ഉച്ചക്ക് 2 മണി മുതൽ 3 മണി വരെ

FGD നടത്തുകയുണ്ടായി. FGD യിൽ പങ്കെടുത്ത എല്ലാ തൊഴിലാളികളുടെയും പേരും ഒപ്പും തൊഴിൽ കാർഡ് നമ്പറും ശേഖരിച്ചു
വളരെ നല്ല പ്രവർത്തനങ്ങളാണ് 6 ആം വാർഡിലെ തൊഴിലാളികൾ ഗ്രാമത്തിനായി ചെയ്തുകൊടുക്കുന്നത്
ചേന്നംകുളം, മേച്ചിറ എന്ന ഒരു ഏക്കർ ജലസ്രോതസ്സിൽ ആളുകളുടെ കൈകടത്തലും ഉപയോഗശൂന്യമായ നിലയിലും ആയതിനാൽ കൃഷിക്കും മറ്റും ഉപകാരപ്പെടാതെ കിടക്കുന്നു. പല ആവർത്തി തൊഴിലാളികൾ വർക്ക് ഡിമാൻഡ് ചെയ്തിരുന്നു. എന്നാൽ വർക്കിന്റെ കാലതാമസവും, ബുദ്ധിമുട്ടും കാരണം അത് മുന്നോട്ടു കൊണ്ടു പോകാൻ തടസങ്ങൾ സൃഷ്ടിക്കുന്നു രാഷ്ട്രീയ ഇടപെടലുകൾ പരിസ്ഥിതി സംരക്ഷണത്തിൽ ഇത്തരത്തിൽ വിനയാകുന്നതായും സൂചിപ്പിച്ചു.
കേരളത്തിലെ 2018 വെള്ളപ്പൊക്കത്തിൽ പ്ലാസ്റ്റിക് ബോട്ടിലുകൾ തൊഴിലാളികൾ ചേർന്നു ശേഖരിക്കുക ഉണ്ടായി എന്നാൽ അവ ഗ്രാമത്തിൽ നിന്ന് എടുത്തു മാറ്റുക ഉണ്ടായില്ല തുടർന്ന് ഇതേ പ്ലാസ്റ്റിക് വേസ്റ്റുകൾ കുന്നുകൂടുകയും പലപ്രദേശങ്ങളിൽ അലക്ഷ്യമായി എത്തുകയും ചെയ്യുന്നു, മാലിന്യനിർമാർജനം ഗ്രാമവാസികൾക്ക് തൃപ്തികരമല്ല.
വേതനം കിട്ടുന്നതിന്റെ കാലതാമസം എല്ലാ തൊഴിലാളികളും എടുത്തു പറയുക ഉണ്ടായി.
തൊഴിലിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ നൽകിയതിനെക്കുറിച് തൊഴിലാളികൾ നല്ല അഭിപ്രായം പങ്കുവെച്ചു

അനുഭന്ദങ്ങള്

അനുബന്ധം 1 (നിർദ്ദേശങ്ങൾ)

1. തൊഴിലാളികൾക്ക്
   - തൊഴിലാളികൾ അവരുടെ അവകാശങ്ങളെകുറിച്ച് ബോധവാന്മാരാകുകയുംഅവ കൃത്യമായി നേടിയെടുക്കുവാൻശ്രമിക്കുകയുംവേണം
   - തൊഴിലാളികൾ പഞ്ചായത്തിലേയ്ക്ക് രേഖകൾ നൽകുമ്പോൾ സെൽഫം അറ്റസ്റ്റഡ് കോപ്പി സമർപ്പിക്കണം
   - തൊഴിലാളികൾ കൂട്ടം ചേർന്ന് അവർക്കാവശ്യമായ പ്രവൃത്തികൾ തിരഞ്ഞെടുക്കുകയും എങ്ങനെ ജോലി ചെയ്യണമെന്നും എങ്ങനെ ചർച്ച ചെയ്തവർക്ക് കലണ്ടർ തയ്യാറാക്കേണ്ടതാണ്. പ്രവർത്തനങ്ങൾ തീരുമാനിക്കുമ്പോൾ ഓരോ മാസത്തിന്റെയുംസവിശേഷതകളും ഗുണങ്ങളും കണക്കിലെടുത്ത് വേണം പ്രവർത്തനങ്ങൾ തീരുമാനിക്കാൻ
   - വർക്ക് കലണ്ടർ അനുസരിച്ച് തൊഴിലാളികൾക്ക് പുതിയ തരത്തിലുള്ള തൊഴിലും തൊഴിലിടവും കണ്ടെത്തുവാനും നിർദ്ദേശിക്കുവാനും അവകാശമുണ്ട് ഇതുവഴി 100 ദിവസം തൊഴിൽ പൂർണ്ണമായും ലഭ്യമാവാത്ത തൊഴിലാളികൾക്ക് അധികമായി തൊഴിൽ ലഭ്യമാവുകയും 100 പ്രവൃത്തി ദിനങ്ങൾ പൂർത്തികരിക്കുവാൻസാധിക്കുകയുംചെയ്യും
   - നിയമ പ്രകാരം അനുവദനീയമായ അത്രയും പ്രവൃത്തി ദിവസങ്ങൾ ചോദിച്ചു വാങ്ങേണ്ടതാണ്.ഇതിനായി ഡിമാന്റ് ചെയ്യുകയുംഅതിനു കൈപ്പറ്റുചെയ്തു തീയതി വച്ച് രസീത് വാങ്ങേണ്ടതുമാണ്.

- തൊഴിലാളികൾ അവരുടെ അവകാശങ്ങളെകുറിച്ച് ബോധവാന്മാരുവുന്നതോടൊപ്പം അവരുടെ ഉത്തരവാദിത്വങ്ങളെകുറിച്ചുംകൃത്യമായി സമയത്ത് ഹാജരായി ജോലിചെയ്യുക. കൃത്യ കൃത്രിമങ്ങൾക്ക് കൂട്ടു നിൽക്കാതിരിക്കുക. ബോധാന്മാരാകേണ്ടതാണ്.
- തൊഴിലുറപ്പ് ഗ്രാമ സഭയിൽ കൃത്യമായി പങ്കെടുത്ത് പദ്ധതി നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കുക.

2) മേറ്ററുകൾക്ക്

- സൈറ്റ് ഡയറി, മസ്റ്റർ റോൾ എന്നിവ കൃത്യമായി പൂരിപ്പിക്കണം. മാസ്റ്റർറോളിൽ വെട്ടിതിത്തിരുത്തലുകൾ പാടില്ല. ഭൂമിപാട്ടത്തിനെടുക്കുമ്പോൾസർക്കാർമാർഗ്ഗ നിർദ്ദേശങ്ങൾ പറഞ്ഞിരിക്കുന്നതുപോലെ മൂന്ന് വർഷത്തെയെങ്കിലും കരാർ പ്രകാരം പാട്ടത്തിനു എടുക്കാൻ ശ്രമിക്കണം
- മേറ്റുമാർ തങ്ങൾക്കു ലഭിച്ച പരിശീലനം അനുസരിച്ച് തൊഴിലാളികൾ തൊഴിലിനെക്കുറിച്ച് വ്യക്തത നൽകണം
- തൊഴിൽകാർഡ് കൃത്യമായി പൂരിപ്പിച്ച് തൊഴിലാളികൾക്ക് നൽകുക. യാതൊരു കാരണവശാലുംമേറ്റുമാർ തൊഴിൽ കാർഡ് കയ്യിൽ സൂക്ഷിക്കാതിരിക്കുക.
- പണിസ്ഥലത്ത് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടോ എന്ന് മേറ്റ് ഉറപ്പുവരുത്തുക.
- സൈറ്റ് ഡയറിൽ മോണിറ്ററിങ്ങിനെത്തുന്ന ഉദ്യോഗസ്ഥരെകൊണ്ട് ഒപ്പുവപ്പിക്കണം.
- തൊഴിലാളികൾക്ക് അവരുടെപത്ത് അവകാശങ്ങളെപ്പറ്റി പറഞ്ഞുകൊടുക്കുകയും അവരെ ബോധവാന്മാരാക്കുകയും ചെയ്യുക.
- പുതിയ തൊഴിലിടങ്ങൾ കണ്ടെത്തുവാനും പുതിയ തൊഴിൽ ആസൂത്രണംചെയ്യുവാൻതൊഴിലാളികളെ സഹായിക്കുകയും ചെയ്യുക.
- കൃത്യമായി സോഷ്യൽ ഓഡിറ്റിങ്ങിലും ഗ്രാമസഭയിലുംപ്രോജക്ട് മീറ്റിങ്ങിലും പരിശീലന ക്യാമ്പിലും പങ്കെടുക്കുക.
- മറ്റു തൊഴിലാളികൾക്ക് കൂടി മേറ്റിന്റെ ചുമതലകളിലേയ്ക്ക് കടന്നുവരുവാനുള്ള സാഹചര്യവും സന്ദർശഭും ഒരുക്കികൊടുക്കണം
- തൊഴിലാളികളുമായി നിരന്തരസമ്പർക്കം പുലർത്തുകയുംകൂടുതൽ ബന്ധം സ്ഥാപിക്കുകയുംചെയ്യുക.

3) ഉദ്യോഗസ്ഥർക്ക്

- അർഹമായ എല്ലാ കുടുംബാംഗങ്ങളെയും തൊഴിൽ കാർഡിൽ ഉൾപ്പെടുത്തുന്നതിനായും തൊഴിൽ ആവശ്യപ്പെടുന്നതിനായും ഉള്ള വിവരവിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
- പ്രവൃത്തി സ്ഥലംപരിശോധിച്ച് തന്നെഎസ്റ്റിമേറ്റ് കൃത്യമായിതയ്യാറേക്കണ്ടതാണ്.
- തൊഴിലാളികൾക്ക് അവരുടെഅവകാശങ്ങളെകുറിച്ച് ബോധവൽക്കരണംനൽകണം
- പഞ്ചായത്ത് ബി.പി.ഒ/ജെ.പി.സി.തലത്തിൽ പദ്ധതി നടത്തിപ്പിലെ പുരോഗതികൃത്യമായി മോണിറ്ററിംഗ് നടത്തണം
- തൊഴിലുറപ്പ്പദ്ധതിയുടെ നിർവഹണത്തെക്കുറിച്ചും പ്രവൃത്തിയെക്കുറിച്ചും മോണിറ്ററിങ്ങനെകുറിച്ചും തൊഴിലാളികൾക്കും മേറ്റമാർക്കുംവിജിലൻസ് ആന്റ് മോണിറ്ററിംഗ് അംഗങ്ങൾക്കും ജനപ്രതിനിധികൾക്കും മതിയായ പരിശീലനം നൽകേണ്ടതാണ്.
- മോണിറ്ററിങ്ങിനായിഎത്തുവർക്ക്സൈറ്റ് ഡയറിയിൽ ഒപ്പിടണം. പ്രവൃത്തിയുടെഫയലിലും

ഏതുരേഖയിലും ഒപ്പിടുന്ന ഉദ്യോഗസ്ഥർഅവരുടെപേരും സ്ഥാനവും തീയതിയും സീലും രേഖപ്പെടുത്തണം

- ❖ പ്രവൃത്തി ഫയലിൽ സൂക്ഷിക്കേണ്ട രേഖകൾ കൃതയമായി സൂക്ഷിക്കണം കേന്ദ്ര സർക്കാരിന്റെ ഇക്കാര്യത്തിലുള്ള മാർഗ്ഗനിർദ്ദേശം കൃത്യമായിപാലിക്കേണ്ടതാണ്.
- ❖ എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ തൊഴിലാളികൾക്ക് മനസിലാവുന്ന രീതിയിലാവണം
- ❖ പദ്ധതി ആരംഭ മീറ്റിംഗ് കൃത്യമായ രീതിയിൽ നടത്തണം. ഇത്ഡയറിയിൽ കൃത്യമായിരേഖപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കുക
- ❖ ലേബർ ബഡ്ജറ്റ് വാർഷിക കർമ്മപദ്ധതി, ഷെൽഫ് ഓഫ്പ്രൊജ്ക്റ്റ് വർക്ക് കണല്ടർഎന്നിവ തയ്യാറുക്കുന്നതിൽ തൊഴിലാളികളുടെയുംഗുണഭോക്താക്കളുടെയുംപ്രാദേശിക വിദഗ്ദരുടെയും പങ്കാളിത്തംഉറപ്പാക്കണം
- ❖ ഗ്രാമപഞ്ചായത്ത്ജില്ല-ബ്ലോക്ക് ഉദ്യോഗസ്ഥതലങ്ങളിൽ പ്രവർത്തികൾകർശനമായും പരിശോധിക്കേണ്ടതാണ്.
- ❖ പഞ്ചായത്തിൽ പ്രദർശിപ്പിച്ചിട്ടുള്ളഹെൽപ്പ് ലൈൻ നമ്പറിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക. പഞ്ചായത്തിന്റെ മറ്റു ശ്രദ്ധയാകർഷിക്കുന്ന പൊതുയിടങ്ങളിലെല്ലാം (ചന്ത, അങ്കൺവാടി, സ്കൂൾ, മുതലായവ) തന്നെ ഈ നമ്പർ സ്ഥാപിക്കണം
- ❖ പ്രവൃത്തി സ്ഥലത്തെ പ്രവർത്തന രീതികൾ തൊഴിലാളികളുടെ പ്രവർത്തകനങ്ങളുടെനിലവാരം, പ്രവർത്തനരീതി, പ്രവൃത്തി സ്ഥലത്തെ ഭൂപ്രകധതി തുടങ്ങി കാര്യങ്ങൾ ഉദ്യോഗസ്ഥർ നീരിക്ഷിക്കേണ്ട ഒരുഅടിസ്ഥാന ഘടകമാണ്.
- ❖ പരാതികളുമായി എത്തുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ കാര്യക്ഷമതയോടു കൂടി പരിഹാരം കാണേണ്ടതാണ്.
- ❖ പരാതിയുമായി തൊഴിലാളികൾ എത്തിയാൽ തൊഴിലുറപ്പ് നിയമപ്രകാരം,പരാതി നൽകി 7(ഏഴ്) ദിവസത്തിനുള്ളിൽ നൽകിയിട്ടുള്ള പരാതിയുടെഅടിയന്തിര നിലപാട് എന്താണെന്ന്പരാതിക്കാരനെ അറിയിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഏതുവിവരവുംവിവരാവകാശത്തിന്റെ 7-ാം വകുപ്പിൽ പ്രതിപാദിക്കുന്ന രീതിയിൽ ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ പരാതിക്കാരനുപരാതിയുടെമറുപടി നൽകണമെന്ന്ഈവകുപ്പ് പ്രതിപാദിക്കുന്നത്.

<u>4) ഗ്രാമപഞ്ചായത്തിനോട്</u>

- ▪ കൃത്യമായ ഇടവേളയിൽഗ്രാമസഭസോഷ്യൽ ഓഡിറ്റ് ഗ്രാമ സഭ എന്നിവ നടത്തണം.
- ▪ കൂടുതൽ പദ്ധതികളും മഴക്കുഴികളാണ് ചെയ്തിരിക്കുന്നത്. സ്ഥിര ആസ്ഥിയുള്ള പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കണം. കൃഷി സംബന്ധമായ പദ്ധതികൾതിരഞ്ഞെടുക്കുമ്പോൾ പഞ്ചായത്തിനു കൈമാറിക്കിട്ടിയ ഘടകസ്ഥാപനമായ കൃഷിഭവനിലെ ഉദ്യോഗസ്ഥരുടെ സേവനംകൂടി പ്രയോജനപ്പെടുത്തേണ്ടതാണ്. ഇത്പദ്ധതിയുടെ ഗുണമേന്മയുംസാമ്പത്തിക ക്ഷമതയുംഉറപ്പാക്കുന്നതിനുഅത്യാന്താപേക്ഷിതമാണ്.
- ▪ ഇപ്പോഴത്തെ വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റിയിലെ അംഗങ്ങൾ 5വർഷമായിതുടരുന്നതായിമനസ്സിലാക്കുന്നു.സാമൂഹികമായവിശ്വാസതയുംസേവസനമനസ്തിതിയുമുള്ള അംഗങ്ങളെചേർത്ത് വിജിലൻസ്ആന്റ് മോണിറ്ററിംഗ് കമ്മിറ്റി പുനർസംഘടിപ്പിക്കേണ്ടതാണ്. അവരുടെപ്രവർത്തിനു കാലയളവു നിശ്ചയിക്കണം.
- ▪ കാലാവസ്ഥക്കനുസരിച്ച് വേണംപദ്ധതികൾ തിരഞ്ഞെടുക്കാൻ.
- ▪ ജലസംരക്ഷണ പ്രകൃതിവിഭവ പരിപാലനത്തിനായുള്ള പ്രവർത്തികൾ പദ്ധതിയിൽ ഉൾപ്പെടു

ത്തണം.

- തൊഴിലുറപ്പ് ഉപകരണങ്ങൾ ഗുണനിലവാരമുള്ളതും സ്ത്രീ സൗഹൃദവുംആണെന്നുംഉറപ്പു വരുത്തണം.
- തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിനു വിനിയോഗിക്കുന്ന തുകയ്ക്കുള്ളനേട്ടമുണ്ടാകുന്നുണ്ടെന്നു ഉറപ്പാക്കണം.

കാലാവസ്ഥയ്ക്ക് അനുസരിച്ചും ഭൂപ്രകൃതിയ്ക്ക്അനുസരിച്ചും വർഷവും തൊഴിലുറപ്പ് പദ്ധതി ആരംഭിക്കുന്നതിനു മുമ്പായി വ്യക്തമായ രീതിയിലുള്ളതും കൃത്യയോടെകൂടെയുള്ളതുംആയ കാർഷിക കലണ്ടർ തൊഴിലാളികളുമായി ചേർന്ന് തയ്യാറാക്കേണ്ടതുമാണ്. അതിനായി പുതിയ തൊഴിലും, തൊഴിൽ രീതികളും കണ്ടെത്തേണ്ടതുണ്ട്.മാറി വരുന്ന കാലാവസ്ഥകണക്കിലെടുത്തുകൊണ്ട് ഓരോ തൊഴിലുകളുംഏറ്റെടുക്കുകയാണെങ്കിൽ തൊഴിലാളികൾക്കും ഭൂപ്രകൃതിയ്ക്കുംകൂടുതൽ ഉപകാരപദ്രമാകും.

അനുബന്ധം2 (വിവിധ തലത്തിലുള്ളഉദ്യോഗസ്ഥരുടെചുമതലകൾ)

മേറ്റ്

- പ്രവൃത്തിയുടെ മേൽനോട്ടം
- തൊഴിൽ കാർഡിൽ ആവശ്യമുള്ള വിവരങ്ങൾരേഖപ്പെടുത്തുക. അളവ് രേഖപ്പെടുത്തുവാനുള്ളമെഷർമെന്റ്ബുക്ക്പ്രവർത്തി സ്ഥലത്ത് സൂക്ഷിക്കുക
- ദിവസവും തൊഴിലാളികളുടെ ഹാജർ മസ്റ്റർറോളിൽ ഉറപ്പുവരുത്തുക. പൂർത്തിയായ മസ്റ്റർറോളുകൾ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ പക്കൽഎത്തിയ്ക്കുക.
- ഡാറ്റാ എൻട്രി ഓപ്പറേറ്റർ
- മസ്റ്റർറോൾവിതരണത്തിന്സഹായിക്കുക.പൂർത്തിയായ മസ്റ്റർറോളുകൾമേറ്റിൽ നിന്നും സ്വീകരിച്ച് വർക്ക്ബില്ലുകൾ പൂർത്തികരിച്ച് വേതനവിതരണത്തിന് നടപടിസ്വീകരിയ്ക്കുക. രജിസ്റ്ററുകൾസൂക്ഷിക്കുക. തൊഴിലാളികളുടവേതനം (ഡിബിറ്റി) മുഖേന എത്തിയെന്ന് ഉറപ്പാക്കുക.
- ഓവർസിയർ/എഞ്ചിനിയർ
- ഗ്രാമസഭാതീരുമാനപ്രകാരം പ്രവൃത്തികൾകണ്ടെത്തുക, പ്രാഥമികഎസ്റ്റിമേറ്റ്തയ്യാറാക്കുക. പ്രവൃത്തിയുടെ സാങ്കേതികമായ കാര്യങ്ങൾ മേറ്റിനും തൊഴിലാളികൾക്കും വിശദമാക്കു. പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തുക, ചെക്ക് മെഷർചെയ്യുക.

പഞ്ചായത്ത്സെക്രട്ടറി/അസിസ്റ്റന്റ്സെക്രട്ടറി

1. സെക്രട്ടറിതൊഴിലുറപ്പ് പദ്ധതിയുടെ മേൽനോട്ടം പ്രവൃത്തിയുടെ ബില്ലുകൾ യഥാസമയം അംഗീകരിയ്ക്കുക. തൊഴിലാളികളുടെ വേതനം യഥാസമയം ഡി.ബി.റ്റി. മുഖാന്തിരം തൊഴിലാളികളുടെ അക്കൗണ്ടിൽ എത്തിയെന്ന് ഉറപ്പാക്കുക.

2. ബ്ലോക്ക്പ്രോഗ്രാം ഓഫീസർ
   - പഞ്ചായത്തുകളെതൊഴിലുറപ്പ് പദ്ധതിയുടെ ഷെൽഫ് ഓഫ്പ്രോജക്ട് തയ്യാറാക്കുന്നതിലും വികേന്ദ്രീകൃതാസൂത്രണത്തിലും സഹായിക്കുക.
   - പഞ്ചായത്തുകളുടെ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണ മേൽനോട്ടംവഹിക്കുകയും നിർവവ്വഹണം മോണിറ്റർചെയ്യുക.

അനുബന്ധം3 (തൊഴിലുറപ്പുപദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുന്ന പ്രവൃത്തികൾ)

<u>വിഭാഗം എ</u> : **പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ**

i. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (ഠിറല്യ ഴ്യീഠിറ റ്യസലഒ), മൺതടയണകൾ, അണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ തുടങ്ങിയ **ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ;**

ii. ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ (ല്യ്യൈമരശിഴ), കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ **നീർത്തട പരിപാലന പ്രവൃത്തികൾ ;**

iii. സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നി പ്രവൃത്തികളും ;

iv. ജലസേചന കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള **പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും;**

v. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും, മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള **മരം വച്ച് പിടിപ്പിക്കലും വനവത്കരണവും,** ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്;

vi. പൊതു ഭൂമിയിലെ ഭൂവികസന പ്രവൃത്തികളും.

വിഭാഗം ബി: സമൂഹത്തില് അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5 ല് പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)

i) ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ (ഊഴഴ ംലഹഹ), കുളങ്ങൾ (ള്യൈ ീിറ), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ

അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ;

ii) പഴകൃഷി, പട്ട്നൂൽകൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തൽ;

iii) ഖണ്ഡിക 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി/ പാഴ്ഭൂമി (ളമഹഹീം ്യ ംമലേ ഹമിറ) വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ;

iv) ഇന്ദിരാ ആവാസ് യോജന പ്രകാരമോ, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം;

v) മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻ കൂട്, തൊഴുത്ത്, പുൽതൊട്ടി എന്നിവയുടെ നിർമ്മാണവും;

vi) മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്ന് വി നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉതകുന്ന പൊതുകുളങ്ങളിൽ (ടലമീിമഹ ംമല്യേ യീറശലെ ീി ുൗയഹശര ഹമിറ) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും;

വിഭാഗം സി : ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ

i. കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ (ജീരെ വമ്യ്ലെ ളമരശഹശശേലെ), ജൈവവളം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക വഴി കാർഷികോത്പാദനക്ഷമതവർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും;

ii. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡ്ഡുകളുടെ നിർമ്മാണവും.

വിഭാഗം ഡി : ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ

i. നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനും തുറസ്സായ മലമൂത്ര വിസർജ്ജനം ഇല്ലാതാക്കുന്നതിനും വേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ച് കൊണ്ടോ വ്യക്തിഗത കക്കൂസുകൾ,

സ്കൂൾ ടോയ്ലറ്റുകൾ, അങ്കണവാടി ടോയ്ലറ്റുകൾ തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായിബന്ധപ്പെട്ട പ്രവൃത്തികൾ;

ii. ഒറ്റപ്പെട്ട് കിടക്കുന്ന ഗ്രാമങ്ങളെയും, നിർദ്ദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള, എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണവും, ഓടകൾ, കലുങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും വീഥികളുടെയും നിർമ്മാണവും;

iii. കളിസ്ഥലങ്ങളുടെ നിർമ്മാണവും;

iv. വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ (രവമൗ ്യഹീീ്മശേീ), തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രെയിനുകൾ, എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുനഃരുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും;

v. ഗ്രാമപഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ (സൈക്ലോൺ ഷെൽറ്റർ), അങ്കണവാടികേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും, ഗ്രാമ/ബ്ലോക്ക്തല ക്രിമിറ്റോറിയങ്ങളുടെ നിർമ്മാണവും;

vi. ദേശീയ ഭക്ഷ്യസുരക്ഷാനിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്നഭക്ഷ്യധാന്യ സംഭരണികളുടെനിർമ്മാണവും;

vii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനവും;

viii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെഅറ്റകുറ്റപണികളും;

ix. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.

അനുബന്ധം4 (തൊഴിലുറപ്പ് നിയമം തൊഴിലാളികൾക്ക് 10 അവകാശങ്ങൾ പ്രധാനം

ചെയ്യുന്നു. അവ ഏതൊക്കെയെന്ന് ചുവടെ ചേർക്കുന്നു).

1. തൊഴിൽകാർഡ് ലഭിയ്ക്കുവാനുള്ള അവകാശം,

2. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിയ്ക്കുവാനുള്ള അവകാശവും ആയതിന്റെ കൈപ്പറ്റ് രസീത് ലഭിക്കുന്നതിനുമുള്ള അവകാശം

3. അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിയ്ക്കുവാനുള്ള അവകാശം, (ആദ്യത്തെ 30 ദിവസം 1/4 & പിന്നിടുള്ള ദിവസങ്ങളിൽ 1/2)

4. ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കുവാനുള്ള അവകാശം,

5. 5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിയ്ക്കുവാനുള്ള അവകാശം, അല്ലെങ്കിൽ (വേതനത്തിന്റെ 10 ശതമാനം അധികം)

6. കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമ ശുശ്രൂഷാ സൗകര്യം ഇവ ലഭിയ്ക്കുന്നതിനുള്ള അവകാശം,

7. 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം

8. വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിയ്ക്കുവാനുള്ള അവകാശം,

9. സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം,

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

അനുബന്ധം5 (പദ്ധതിയിൽ തൊഴിൽ ലഭിയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ)

- അവിദഗ്ദ്ധ കായികാദ്ധ്വാനം ചെയ്യാൻ സന്നദ്ധതയുള്ളവരും പഞ്ചായത്തിൽ സ്ഥിര താമസക്കാരുമായിരിക്കണം.
- 18 വയസ്സ് പൂർത്തിയായിരിക്കണം.
- ഗ്രാമപഞ്ചായത്തിൽ അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽകാർഡ് ലഭിയ്ക്കും
- കുറഞ്ഞത് 14 ദിവസത്തേയ്ക്ക് തൊഴിലിന് അപേക്ഷിക്കണം.

• ജോലിയ്ക്കു മുൻകൂറായും അപേക്ഷിക്കണം .

• അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം തൊഴിൽ അല്ലെങ്കിൽ നിശ്ചിത നിരക്കിൽ തൊഴിലില്ലായ്മ വേതനം.

•തൊഴിൽ നൽകി കൊുള്ള അറിയിപ്പ് രേഖാമൂലം നൽകണം.

•മസ്റ്റർറോൾ പൂർത്തീകരിച്ച് 15 ദിവസത്തിനകം കൂലി.

• കാലതാമസമുാകുന്ന ഓരോ ദിവസത്തിനും .05% നിരക്കിൽ നഷ്ടപരിഹാരം

• ആകെ തൊഴിലിന്റെ 1/3 സ്ത്രീകൾക്ക് കുടുംബത്തിന് പരമാവധി 100 ദിവസം

• 5 കിലോമീറ്ററിനുള്ളിൽ ജോലി അല്ലെങ്കിൽ 10% അധികം കൂലി

• കുടിയ്ക്കുവാനുള്ള വെള്ളം, വിശ്രമ സൗകര്യം, പ്രഥമശുശ്രൂഷാ സൗകര്യം എന്നിവ പണിയിടങ്ങളിൽ ഉായിരിക്കണം.

• പരിക്കുപറ്റിയാൽ സൗജന്യചികിത്സ

• അപകടമരണം/ സ്ഥിര അംഗവൈകല്ല്യത്തിന് നഷ്ടപരിഹാരം

• 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ക്രഷ് സൗകര്യം

• കുട്ടിയ്ക്ക് തൊഴിൽ സ്ഥലത്ത് അപകടം പറ്റിയാൽ സൗജന്യ ചികിത്സാ, മരണത്തിന് എക്സ്ഗ്രേഷ്യ.

അനുബന്ധം6 (തൊഴിലാളികളുടകെടമകൾ)

- കൃത്യസമയത്ത്തൊഴിൽസ്ഥലത്ത്ഹാജരായിഒപ്പ്വയ്ക്കുക.
- തൊഴിലുറപ്പ്ഗ്രാമസഭയ്ക്ക്സോഷ്യൽഓഡിറ്റ്ഗ്രാമസഭയുംകൃത്യമായിപങ്കെടുക്കുക
- പണിസ്ഥലത്ത്പ്ലാസ്റ്റിക്വസ്തുക്കൾഉപയോഗിക്കുവാനോകത്തിക്കുവാനുംപാടുള്ളതല്ല
- സിറ്റിസൺഇൻഫോർമേഷൻബോർഡ്പ്രവൃത്തിയുടെആരംഭഘട്ടത്തിൽതന്നെനിർബന്ധമായുംവയ്ക്കേണ്ടതാണ്
- പ്രകൃതിസംരക്ഷണത്തിന്ആവശ്യമായപ്രവൃത്തികൾഏറ്റെടുത്ത്നടപ്പിലാക്കുക.

- ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾ കണ്ടെത്തി മേറ്റനെയും പഞ്ചായത്ത്അധികൃതരെയും അറിയിക്കുക.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ലഭികെണ്ട ആനുകൂല്യങ്ങളെ കുറിച്ചും അതുമായിബന്ധപ്പെട്ട ആവശ്യകതയെക്കുറിച്ചും നിയമത്തിന്റെ ആമുഖത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. തൊഴിലാളികളുടെയും അവരുടെ ആനുകൂല്യങ്ങലെയും കുറിച്ച് വിശദീകരണം ഈറിപ്പോർട്ട്മുഖാന്തരം തൊഴിലാളികളായ നിങ്ങളിലേക്ക് എത്തിക്കുവാൻ സാധിക്കും. ഈ റിപ്പോർട്ട്അടിസ്ഥാനത്തിൽ നിങ്ങൾക്ക്പ്രാപ്തമാക്കാൻ കഴിയുന്ന ഒട്ടനവധി വസ്തുതാപരമായ കാര്യങ്ങൾ കൈവരിക്കാൻ നിങ്ങൾക്ക്ഏവർക്കും കഴിയട്ടെ.

സോഷ്യൽ ഓഡിറ്റ് പങ്കടെുത്തവർ

- അക്ഷര വലെ ,ബ്ലോക്ക് റിസോർസ് പഴ്സൺ ,ശാസ്താംകോട്ട
- കൃഷ്ണനേ്ദു ബി, എം.എസ്.ഡബ്ല്യൂ. രണ്ടാംവർഷ വിദ്യാർത്ഥിനി,അമൃത വിശ്വ വിദ്യാ പീഠം
- അപർണ മോഹൻ,രണ്ടാംവർഷ വിദ്യാർത്ഥിനി,അമൃത വിശ്വ വിദ്യാ പീഠം
- അഭിജിത് ആർ, രണ്ടാംവർഷ വിദ്യാർത്ഥി,അമൃത വിശ്വ വിദ്യാ പീഠം
- മഹാദവേൻ എച്ച്, രണ്ടാംവർഷ വിദ്യാർത്ഥി,അമൃത വിശ്വ വിദ്യാ പീഠം
- സൂരജ് എസ്, രണ്ടാംവർഷ വിദ്യാർത്ഥി,അമൃത വിശ്വ വിദ്യാ പീഠം

സഹായിച്ചവർ

- ശ്രീ.ഐ .നൗഷാദ് ,പ്രസിഡന്റ് ശാസ്താംകോട്ട പഞ്ചായത്ത്
- ശ്രീ.സി.ജനചന്ദ്രൻ,സക്രെട്ടറി ശാസ്താംകോട്ട പഞ്ചായത്ത്
- ശ്രീ.രാധ കൃഷ്ണ പിള്ള ,അസി.സക്രെട്ടറി
- പഞ്ചായത്ത് സമിതി അംഗങ്ങളും,ജീവനക്കാരും
- കൊല്ലം ജപെി .സി. ശാസ്താംകോട്ട ബി.ഡി.ഒ . ജോയിന്റ് ബി.ഡി.ഒ
- മഹാത്മാ ഗാന്ധി ദശേീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി സ്റ്റാഫുകൾ ,ശാസ്താംകോട്ട
- മറേ്റ് സുലത,സുപ്രഭ,തൊഴിലുറപ്പു തൊഴിലാളികൾ
- ശാസ്താംകോട്ട കരിംതോട്ടുവ (6) വാർഡ് മമെ്പർ ശ്രീ ബിനോയ്,പൊതുജനങ്ങൾ
- ശ്രീ.പീറ്റർ പ്രദീപ്, സോഷ്യല് ഓഡിറ്റ്, ജില്ലാ റിസോർസ് പഴ്സൺ ,കൊല്ലം
- മഹാത്മാ ഗാന്ധി ദശേീയ ഗ്രാമീണ തൊഴിലുറപ്പുനിയമം സോഷ്യൽ ഓഡിറ്റ് സൊസറൈ്റി,കരേള ടീം.

Gramsabha Meeting Minutes

karimthottuva minutes.pdf